# കളിയിലുമുണ്ട് കാര്യങ്ങൾ

# കുട്ടികൾ കളിച്ചു വളരട്ടെ

വെറുതെ കളിച്ചു നടന്നു സമയം കളയുന്നു എന്ന പല്ലവി ചില രക്ഷിതാക്കളെങ്കിലും പറയാറുണ്ട്. കളികളും കളിപ്പാട്ടങ്ങളും കുട്ടികളുടെ വളർച്ചയെയും ബുദ്ധി വികാസത്തെയും വളരെയധികം സ്വാധീനിക്കുന്ന ഘടകങ്ങളാണെന്ന സത്യം പലരും മനസ്സിലാക്കുന്നില്ല. കണ്ടും കേട്ടും അനുഭവിച്ചും കളികളിലൂടെയും കുഞ്ഞുങ്ങൾ വിവിധ ഘട്ടങ്ങളിലൂടെയുള്ള വളർച്ചയും ബുദ്ധി വികാസവും നേടുന്നു. അനുകൂല സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം ഇന്ന് പല രക്ഷിതാക്കളും കുട്ടികൾ സ്വതന്ത്രമായി കളിക്കുന്നതിനു വിലക്ക് കൽപ്പിക്കുന്നു. അതുകൊണ്ടുതന്നെ കുട്ടികളുടെ താല്പര്യം ടെലിവിഷൻ, സ്മാർട്ട് ഫോൺ തുടങ്ങിയ വിനോദോപാധികളിലേക്ക് പരിമിതപ്പെടുന്നു. ഇത്തരത്തിലുള്ള ദൃശ്യ മാധ്യമങ്ങളുടെ അമിത സ്വാധീനം കുട്ടികളിൽ ആശയ വിനിമയത്തിനുള്ള കാലതാമസത്തിനും, പെരുമാറ്റ പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്നു. അനുകൂല സാഹചര്യങ്ങൾ ഇല്ലെങ്കിൽ പോലും രക്ഷിതാക്കളും കുഞ്ഞിനോടൊപ്പം കളികളിൽ പങ്കെടുക്കുന്നത് അവരുടെ സർവ്വതോന്മുഖമായ വികാസനത്തിന് വഴിയൊരുക്കുന്നു. എത്ര സമയം കുട്ടികളോടൊപ്പം ചിലവാക്കുന്നു എന്നതിലല്ല മറിച്ച് എത്ര സമയം പ്രയോജനപ്രദമായി (ക്വാളിറ്റി ടൈം) ചിലവഴിക്കുന്നു എന്നതിലാവണം ശ്രദ്ധ ചെലുത്തേണ്ടത്.

ദൃശ്യ മാധ്യമങ്ങളിൽ മാത്രം മുഴുകിയിരിക്കുന്ന കുഞ്ഞിന് ഭാഷാപ്രയോഗം (പ്രത്യേകിച്ച് മറ്റു ഭാഷകളിലെ കാർട്ടൂണുകൾ മുതലായവ) കേട്ടിരിക്കാം എന്ന



## കുഞ്ഞിന്റെ വളർച്ചയുടെയും ബുദ്ധി വികാസത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടം ബാല്യകാലം (ജനനം മുതൽ ആറു വയസ്സുവരെ) തന്നെയാണ്. ഈ കാലയളവിൽ വേണ്ടത്ര ശ്രദ്ധയും പരിചരണവും കുഞ്ഞിന് അത്യാവശ്യമാണ്.



ശ്രീമതി. ലക്ഷ്മി എം.എ
പ്രീ സ്ക്കൂൾ ടീച്ചർ
ചൈൽഡ് ഡെവലപ്മെന്റ് സെന്റർ
മെഡിക്കൽ കോളേജ്
തിരുവനന്തപുരം

ല്ലാതെ തിരികെ പറയാനോ നിത്യ ജീവിതത്തിനു ആവശ്യമായവ കണ്ടും കേട്ടും പഠിക്കാനോ ഉള്ള അവസരം ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം പ്രവണതകൾ ഭാഷാ വികാസത്തിന് കാലതാമസം ഉണ്ടാക്കിയേക്കാം. അതോടൊപ്പം മറ്റു കുട്ടികളോടൊപ്പം കളിക്കാൻ അവസരം കുറയുന്നതിലൂടെയും സാമൂഹിക വികാസത്തെ പ്രതികൂലമായി ബാധിച്ച് ചില കുട്ടികളെങ്കിലും 'ഓട്ടിസം' എന്ന അവസ്ഥയുടെ ലക്ഷണങ്ങൾ കാണിക്കാറുണ്ട്. ഇത്തരം കുട്ടികളിൽ ദൃശ്യ മാധ്യമങ്ങൾ ഒഴിവാക്കികൊണ്ട് മറ്റു കുട്ടികളോടൊപ്പം കളിക്കുന്ന തിലൂടെയും, ഡോക്ടറുടെ നിർദ്ദേശപ്രകാരം മാതാപിതാക്കൾ കുട്ടികൾക്ക് ചിട്ടയായ പരിശീലനം നൽകുന്നതിലൂടെയും പ്രത്യക്ഷമായ മാറ്റങ്ങൾ കുട്ടികളിൽ വരുന്നതായി കാണപ്പെടുന്നു. ഇത് കളികളുടെ പ്രാധാന്യത്തിനു ബലമേകുന്ന ഒരു ഘടകമാണ്.

നോർത്ത് ടെക്സസ് യൂണിവേഴ്സിറ്റിയിലെ കൗൺസിലിങ് വിഭാഗം മുൻ പ്രൊഫസറും, സെന്റർ ഫോർ പ്ലേ തെറാപ്പിയുടെ സ്ഥാപകനുമായ പ്രൊഫസർ ഗാരി ലാർഡ്രെത്ത് (GarryLardreth) വിവിധതരം കളികൾ കുട്ടികളിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കളികളിലൂടെ കുട്ടികളിലെ പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും എന്നാണ്. മാത്രമല്ല അവരുടെ പല വികാരങ്ങളും പ്രകടിപ്പിക്കാനും, നിയന്ത്രിക്കാനും മെച്ചപ്പെട്ട ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും, കൂടെ ഉള്ളവരെ മനസ്സിലാക്കുന്നതിനും, ഉത്തരവാദിത്ത ബോധത്തോടെ പെരുമാറുന്നതിനും, പ്രശ്ന പരിഹാര നിപുണതകൾ കൈവരിക്കുന്നതിനും, പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്ലേ തെറാപ്പിയിലൂടെ കഴിയും എന്ന് അദ്ദേഹം തെളിയിച്ചിട്ടുണ്ട്.



# സമഗ്ര വികാസം കളികളിലൂടെ

കുഞ്ഞിന്റെ വളർച്ചയുടെയും ബുദ്ധി വികാസത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടം ബാല്യകാലം (ജനനം മുതൽ ആറു വയസ്സുവരെ) തന്നെയാണ്. ഈ കാലയളവിൽ വേണ്ടത്ര ശ്രദ്ധയും പരിചരണവും കുഞ്ഞിന് അത്യാവശ്യമാണ്. ഇത് ശരിയായി ലഭിച്ചെങ്കിൽ മാത്രമേ പ്രായത്തിനനുസൃതമായുള്ള ശാരീരിക വികാസം, ബുദ്ധി വികാസം, ഭാഷാ വികാസം, വ്യക്തിപരവും സാമൂഹികവുമായ വികാസം, വൈകാരിക വികാസം, ഭാവനാ വികാസം, സർഗ, ശക്തി വികാസം, സാന്മാർഗിക വികാസം തുടങ്ങിയ മേഖലകളിൽ പ്രായാനുസൃതമായ നേട്ടങ്ങൾ കൈവരിക്കാൻ കുഞ്ഞിനു സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ നമ്മുടെ കുട്ടികളുടെ ബാല്യം ദൃശ്യമാധ്യമങ്ങളിൽ തളച്ചിടാതെ, കളിച്ചു വളരുക എന്ന അവരുടെ അവകാശത്തെ നേടിക്കൊടുക്കുന്നതാകട്ടെ ഓരോ രക്ഷകർത്താവിന്റെയും കടമയും ഉത്തരവാദിത്വവും.

## കുഞ്ഞുങ്ങളുടെ സ്വഭാവ സവിശേഷതകൾ

- നിരന്തരമായ അന്വേഷണ സ്വഭാവം.
- ഒരു വികാരത്തിൽ നിന്നും മറ്റൊന്നിലേക്ക് പെട്ടെന്നുള്ള മാറ്റം.
- നിരന്തരമായി പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താത്പര്യം.
- സ്നേഹം, സുരക്ഷിതത്വം, അംഗീകാരം എന്നിവയ്ക്കുള്ള വ്യഗ്രത.
- അമൂർത്തമായ ആശയങ്ങൾ മനസ്സിലാക്കാനുള്ള പരിമിതികൾ.
- പുതുമയോടുള്ള താല്പര്യം.
- സ്വതന്ത്രമായി പ്രവർത്തിക്കുവാനും എപ്പോഴും പ്രവർത്തന നിരതമായി ഇരിക്കാനുമുള്ള താല്പര്യം.
- നിർമ്മാണ വാസന.
- കഥകളോടും പാട്ടുകളോടും ഉള്ള താല്പര്യം.
- ഭാവനാ ലോകത്ത് വിഹരിക്കുവാനും അനുകരണ വാസനയ്ക്കുമുള്ള താത്പര്യം.
- ശ്രദ്ധാ ദൈർഘ്യ കുറവ്, ചുറ്റുപാട് നോക്കാതെയുള്ള എടുത്തു ചാട്ടം.
- പേശികളുടെ ഏകോപനത്തിലും നിയന്ത്രണത്തിലുമുള്ള അപര്യാപ്തത.
- ഞാൻ, എന്റേത് എന്ന മനോഭാവം, ഇഷ്ടം തോന്നുന്നത് സ്വന്തമാക്കാനുള്ള വ്യഗ്രത.
- ഭാഷയുടെ അപര്യാപ്തത അല്ലെങ്കിൽ അനിയന്ത്രിതമായ ഉപയോഗം.



മേൽപ്പറഞ്ഞ സ്വഭാവ സവിശേഷതകൾ കണക്കിലെടുത്താവണം കുട്ടിക്ക് വേണ്ടി യുള്ള പ്രവർത്തനങ്ങളും പാഠ്യപദ്ധതികളും തെരഞ്ഞെടുക്കേണ്ടത്.

# കുട്ടികളുടെ വികാസത്തിന്റെ വിവിധ മേഖലകളിൽ കളികളുടെ സ്വാധീനം

### ബുദ്ധിവികാസം (Cognitive Development)

കുഞ്ഞുങ്ങൾ പൊതുവേ ജിജ്ഞാസാ ഭരിതരാണ്, പഞ്ചേന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കാനുള്ള അനുഭവങ്ങൾ കളിയിലൂടെ നൽകാവുന്നതാണ്. വിവിധതരം സ്പർശനാനുഭവങ്ങൾ, വസ്തുക്കളുടെ പേരുകൾ, അവയുടെ ഉപയോഗം, പ്രത്യേകതകൾ എന്നിവ പരിചയപ്പെടുത്തുക, പലതരം ആകൃതികൾ, നിറങ്ങൾ, വലിപ്പ വ്യത്യാസങ്ങൾ എന്നിവ ചുറ്റുപാടിലൂടെയും, കളിപ്പാട്ടങ്ങളിലൂടെയും അറിയാൻ അവസരം നൽകാം. പ്രശ്ന പരിഹാര സംബന്ധമായ കഴിവുകൾ വികസിപ്പിക്കാനുതകുന്ന കളിപ്പാട്ടങ്ങളും പ്രവർത്തനങ്ങളും നൽകാവുന്നതാണ്.

### ശാരീരിക ചാലക വികാസം (Motor development)

ശരീരത്തിലെ വലുതും, ചെറുതുമായ പേശികളുടെ വളർച്ചയ്ക്കും വികാസത്തിനും കളികൾ വളരെയധികം സഹായിക്കുന്നു. കഴുത്തുറയ്ക്കുക, ഇരിക്കുക, നടക്കുക, ഓടുക, പടി കയറുക, പന്ത് തട്ടുക, ചാടുക, സൈക്കിൾ ചവിട്ടുക, ഊഞ്ഞാലാടുക, കൊന്നി ചാടുക, സ്കിപ്പിംഗ് ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ വലിയ പേശികളുടെ വികസനത്തിന് (Gross Motor) സഹായിക്കുന്നു. വസ്തുക്കൾ കൈകൊണ്ടെടുക്കുക (ചെറുതും, വലുതും), കൈ കൊട്ടുക, പന്തെറിയുക, കളർ പെൻസിൽ, ചായങ്ങൾ എന്നിവകൊണ്ട് വരയ്ക്കുക, മുത്ത് കോർക്കുക, കട്ടകൾ അടുക്കുക, പലതരം





അടപ്പുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുക, ചിത്രങ്ങൾ, മറ്റു വസ്തുക്കൾ എന്നിവ ഒട്ടിക്കുക, കത്രിക കൊണ്ട് ചിത്രങ്ങൾ വെട്ടിയെടുക്കുക, ബട്ടൻ ഇടാനും ഊരാനും പഠിക്കുക എന്നീ പ്രവർത്തികൾ കൈകളിലെ സൂക്ഷ്മ പേശികളുടെ വികസനത്തിന് (Fine Motor) ഉതകുന്നു.

### ഭാഷാ വികാസം (Language Development)

കുഞ്ഞിനോട് ധാരാളമായി സംസാരിക്കാൻ ശ്രദ്ധിക്കുക. പാട്ട്, കഥ എന്നിവ പാടിയും പറഞ്ഞും കൊടുക്കുക. വ്യക്തമായും സ്ഫുടമായും കുഞ്ഞിനോട് സംസാരിക്കാൻ ശ്രദ്ധിക്കുക. കൊഞ്ചിയുള്ള സംസാരങ്ങൾ ഭാഷയെ അവ്യക്തമാക്കുകയും കുട്ടികൾ അത്കേട്ട് പഠിക്കാൻ ഇടവരികയും ചെയ്യുന്നതിനാൽ അവ ഒഴിവാക്കാൻ ശ്രദ്ധിക്കുക. കളിക്കുന്ന വേളയിൽ ഭാഷ ഉപയോഗിക്കാൻ ധാരാളം അവസരം ലഭിക്കുന്നു. സാങ്കൽപ്പിക കളികൾക്കായി (ഉദാ: ടീച്ചറും കുട്ടിയും, കഞ്ഞിയും കറിയും മുതലായവ) പലതരം പാവകൾ, അടുക്കള കളിപ്പാട്ട കൂട്ടം, പാത്രങ്ങൾ തുടങ്ങിയവ നൽകാവുന്നതാണ്.



പലതരം ചിത്രങ്ങൾ, കഥകൾ, പാട്ടുകൾ, മറ്റ് പുസ്തകങ്ങൾ തുടങ്ങിയവ കാണിച്ചും പറഞ്ഞും കൊടുക്കുകയും, മാത്രമല്ല കുഞ്ഞിനെക്കൊണ്ട് വസ്തുക്കളുടെ പേരുകൾ, കഥകൾ, പാട്ടുകൾ എന്നിവ പറയാൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

### വൈകാരിക വികാസം ( Emotional Development)

വൈകാരിക ഘടകങ്ങളായ മാനസിക സന്തോഷം, ആത്മവിശ്വാസം, സംതൃപ്തി, സഹന ശക്തി, ആത്മനിയന്ത്രണം, അച്ചടക്കം എന്നീ ജീവിത മൂല്യങ്ങൾ കളികളിലൂടെ കുട്ടികൾ സ്വായത്തമാക്കുന്നു. സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാനും സമയോചിതമായി പ്രകടിപ്പിക്കാനും മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കാനും കുട്ടികൾ പഠിക്കുന്നു.



### ഭാവനാ വികാസം (Development of Imagination)

കളികൾക്കിടയിൽ കുട്ടികൾ മുതിർന്നവരെ അനുകരിച്ച് അവരുടെ ഭാവനക്കനുസരിച്ച് കളിപ്പാട്ടങ്ങളോ മറ്റു വസ്തുക്കളോ ഉപയോഗിച്ച് ടീച്ചറും കുട്ടിയും, കള്ളനും പോലീസും, കഞ്ഞിയും കറിയും, ഡോക്ടറും രോഗിയും, ജെ സി ബി ഡ്രൈവറും ഒക്കെ ആയി മാറുന്നു. ഇതിലൂടെ കുട്ടികൾ ഭാവനാവികാസം കൈവരിക്കുന്നു.

### സർഗ്ഗ ശകതി വികാസം (Creative Development)

പലതരം കട്ടകൾ (ബിൽഡിംഗ് ബ്ലോക്സ്) ഉപയോഗിച്ച് കെട്ടിടങ്ങൾ, പാലം, തീവണ്ടി തുടങ്ങിയവ നിർമ്മിക്കുക. മണൽ, കളിമണ്ണ്, മാവ് കുഴച്ചത് തുടങ്ങിയവകൊണ്ട് പല രൂപങ്ങൾ നിർമ്മിക്കാനും, മറ്റു വസ്തുക്കൾക്കുള്ളിൽ മാവ് നിറച്ച് അതേ ആകൃതിയിലും രൂപത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ക്രയോൺ, കളർ പെൻസിൽ ചായങ്ങൾ എന്നിവ കൊണ്ട് നിറം നൽകൽ, ചിത്രം വരയ്ക്കൽ, മുത്ത് കോർക്കൽ, ചിത്രങ്ങൾ വെട്ടി ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ സർഗ ശക്തി വികാസം നേടുന്നു.

### വ്യക്തിപരവും സാമൂഹികവുമായ വികാസം (Personal and social development)

ഭക്ഷണം കഴിക്കാനും, വെള്ളം കുടിക്കാനും, വസ്ത്രങ്ങൾ ധരിക്കാനും, വസ്ത്രങ്ങൾ അഴിച്ചു മാറ്റാനും, ചെരുപ്പ്, ഷൂസ്, സോക്സ് മുതലായവ ഇടാനും, മുടി ചീകാനും, മുടി കെട്ടാനും, പല്ലുതേക്കാനും, മുഖം കഴുക്കാനും, കുളിക്കാനും തുടങ്ങിയ ദിനചര്യകൾ സ്വയം ചെയ്യാൻ അവസരം നൽകുകയും ആവശ്യമെങ്കിൽ പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.സമൂഹത്തിന്റെ ഏറ്റവും ചെറിയ പതിപ്പായ കളിക്കൂട്ടങ്ങളിൽ നിന്ന് സമൂഹത്തിൽ എങ്ങനെ ഇടപെടണമെന്ന പാഠം കുട്ടികൾ ഉൾക്കൊള്ളുന്നു.



### സാന്മാർഗിക വികാസം (Moral Development)

ഗുണപാഠ പ്രാധാന്യമുള്ള കഥകൾ (ഉദാ: പഞ്ചതന്ത്രം കഥകൾ) കേൾക്കുന്നതിലൂടെയും, വിവിധതരം കളികളിലൂടെയും സമൂഹത്തിലെ സത്യസന്ധത, കരുണ, ഉത്തരവാദിത്വം, ചിട്ടയോടും നിയന്ത്രണത്തോടും കൂടി കാര്യങ്ങൾ ചെയ്യാനുള്ള അവബോധം, സഹാനുഭൂതി, നന്മ, മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കാനുള്ള മനസ്സ് തുടങ്ങി നിരവധി കാര്യങ്ങൾ കുട്ടികൾ സ്വായത്തമാക്കുന്നു.

## കളിപ്പാട്ടങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുഞ്ഞുങ്ങൾക്കായി കളിപ്പാട്ടങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മേൽപ്പറഞ്ഞ വികാസങ്ങൾക്ക് ചേരുന്ന തരത്തിൽ ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, കൂടാതെ:

- കളിപ്പാട്ടങ്ങൾ കുട്ടിയുടെ പ്രായത്തിനും താത്പര്യത്തിനും അനുസരിച്ചുള്ള വയായിരിക്കണം.
- അപകട രഹിതം ആയിരിക്കുന്ന തോടൊപ്പം ബാറ്ററി ഇളക്കിയെടുക്കാൻ കഴിയുന്നവയും, ഇളക്കിമാറ്റാവുന്ന ചെറിയ ഭാഗങ്ങളോടുകൂടിയ കളിപ്പാട്ടങ്ങൾ കഴിവതും ഒഴിവാക്കേണ്ടതാണ്.
- വിരലുകൾ കടത്താൻ പാകത്തിന് സുഷിരങ്ങൾ ഉള്ളത് ആകരുത്.
- എളുപ്പത്തിൽ വൃത്തിയാക്കാൻ സാധിക്കുകയും നിറം ഇളകാത്തവയും ആയിരിക്കണം.
- തീരെ ചെറുതും മൂക്കിലോ ചെവിയിലോ കടത്താൻ പാകത്തിന് ഉള്ളവയോ ആകരുത്. അമിത ഭാരം ഉള്ളവയും ആകാതിരിക്കാൻ ശ്രദ്ധിക്കുക.
- മുത്ത്, ബലൂൺ, കത്രിക, സ്പൂൺ, സ്ട്രോ, play dough (കൃത്രിമ കളിമണ്ണ്), ചായങ്ങൾ എന്നിവ ഉപയോഗിച്ചുള്ള കളികളിൽ മുതിർന്നവരുടെ മേൽനോട്ടം ഉണ്ടായിരിക്കണം.
- വിലകൂടിയ കളിപ്പാട്ടങ്ങളെക്കാൾ വില കുറഞ്ഞതും പ്രയോജനപ്രദവുമായവ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുക.
- കളിപ്പാട്ടങ്ങൾ വാങ്ങുമ്പോൾ ഒരുമിച്ചു പലതരത്തിലുള്ളവ വാങ്ങാതെ ഇഷ്ടപ്പെട്ട ഒന്നോ രണ്ടോ എണ്ണം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുക.
- പഴയ കളിപ്പാട്ടങ്ങൾ മാറ്റിവച്ചു ഒരു ഇടവേളയ്ക്കു ശേഷം വീണ്ടും നൽകുമ്പോൾ പുതുമ നിലനിർത്താൻ സാധിക്കുന്നു.
- കളിച്ചു കഴിഞ്ഞു കളിപ്പാട്ടങ്ങൾ യഥാസ്ഥാനത്ത് വയ്ക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.

എം ടി യുടെ ചലച്ചിത്രാവിഷ്കാരമായ പെരുന്തച്ചനിലെ വളരെ പ്രശസ്തമായ ഒരു രംഗം ഓർക്കുക : മൂത്താശാരി രാമൻ തമ്പുരാനോടും തമ്പുരാട്ടിയോടുമായി പറയുന്നു 'ഇവിടെ ധനം, ധാന്യം എല്ലാം വേണ്ടതിലധികമുണ്ട്, എന്നാൽ ഒരു തൊട്ടിലിന്റെ കുറവുണ്ട്' എന്ന്. ഇത് തമ്പുരാട്ടിയിൽ ദേഷ്യം ഉളവാക്കുകയും, തങ്ങൾക്കു കുട്ടികളില്ല എന്ന വിവരം രാമന് എങ്ങനെ മനസ്സിലായി എന്ന് തമ്പുരാൻ ആരായുകയും ചെയ്യുന്നു. രാമൻ ഇതിനു മറുപടിയായി 'വീട്ടിൽ കുട്ടികളുണ്ടെങ്കിൽ ശബ്ദം കേൾക്കും, ഒരു കളിപ്പാട്ടമോ, കളിപ്പാട്ട കഷ്ണമോ മുറ്റത്തോ, കോലായിലോ കാണും' എന്ന് മറുപടി നൽകി. കുട്ടികളുള്ള വീട്ടിൽ കളിപ്പാട്ടത്തിന് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് ഈ സംഭാഷണ ശകലം വ്യക്തമാക്കുന്നു.

'കുഞ്ഞുങ്ങൾ അവരുടെ ഭാവനയ്ക്കും, ഇഷ്ടത്തിനനുസരിച്ചും കളിച്ചു വളരട്ടെ.., അതിലൂടെ അനുഭവങ്ങൾ നേടി ഭാവിയിൽ അവർ ഉത്തമ പൗരന്മാർ ആയി ഭവിക്കട്ടെ'.

